# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2159 — 23.3.2012-ൽ മറുപടിക്ക്.

### കൊല്ലം ജില്ലയിലെ തപാലാഫീസുകളുടെ വിവരം

**ചോദ്യം**
ശ്രീമതി.പി. അയിഷാ പോറ്റി:

**ഉത്തരം**
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പുമന്ത്രി)

| ചോദ്യം | താല്ക്കാലിക മറുപടി | അന്തിമ മറുപടി |
|---|---|---|
| (എ) കൊല്ലം ജില്ലയിൽ സ്ഥിരം പോസ്റ്റ്മാൻ ഇല്ലാത്ത തപാലാഫീസുകളുടെ വിവരം വെളിപ്പെടുത്തുമോ; | (എ), (ബി), (സി) & (ഡി))വിവരം ശേഖരിച്ചു നല്കുന്നതാണ്. | (എ) കൊല്ലം ജില്ലയിൽ സ്ഥിരം പോസ്റ്റ്മാൻ ഇല്ലാത്ത തപാലാഫീസുകൾ ഒന്നും തന്നെയില്ല. |
| (ബി) ജില്ലയിൽ ഫോൺ സൗകര്യം നിലവിൽ ഇല്ലാത്ത തപാലാഫീസുകളുടെ വിവരം വെളിപ്പെടുത്തുമോ; | | (ബി) എല്ലാ ഡിപ്പാർട്ട്മെന്റ് പോസ്റ്റാഫീസുകൾക്കും നിലവിൽ ടെലിഫോൺ സൗകര്യമുണ്ട്. ബ്രാഞ്ച് പോസ്റ്റാഫീസുകളിൽ ടെലിഫോൺ സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. |
| (സി) ജില്ലയിലെ ഇളമാട് ഗ്രാമപഞ്ചായത്ത് ആസ്ഥാനമായി പ്രവർത്തിക്കുന്ന പോസ്റ്റോഫീസിൽ സ്ഥിരം പോസ്റ്റ്മാനെ നിയമിക്കുന്ന തിനും ഫോൺസൗകര്യം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിക്കും; | | (സി) ഇളമാട് ഗ്രാമപഞ്ചായത്ത് ആസ്ഥാനമായി പ്രവർത്തിക്കുന്ന പോസ്റ്റോഫീസിൽ പോസ്റ്റ്മാന്റെ രാജിയെത്തുടർന്ന് താല്ക്കാലിക ഏർപ്പാടു മുഖേനയാണ് ടി തസ്തിക കൈകാര്യം ചെയ്യുന്നത്. സ്ഥിരമായ രീതിയിൽ പോസ്റ്റ്മാന്റെ (Mail Deliverer) തസ്തിക നികത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. Extra Departmental പോസ്റ്റ് ഓഫീസുകൾക്ക് ടെലിഫോൺ സൗകര്യം ഇപ്പോൾ നല്കാറില്ല. |

| | | |
|---|---|---|
| (ഡി) പ്രസ്തുത പോസ്റ്റാഫീസ് സബ്പോസ്റ്റോഫീസ് പദവിയിൽ നിന്നും ഇ.ഡി. പോസ്റ്റ് ആഫീസ് ആയി താഴ്ത്തിയത് എന്നാണ്; അതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്? | | (ഡി) കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് പോസ്റ്റ് ഓഫീസുകൾ യുക്തിഭദ്രമാക്കുന്നതിന്റെ ഭാഗമായി എല്ലാ Extra - Departmental സബ്പോസ്റ്റാഫീസുകളും ബ്രാഞ്ച് പോസ്റ്റ് ഓഫീസുകളായി മാറ്റി. അതിനനുസൃതമായി ഇളമാട് പോസ്റ്റ് ഓഫീസും ബ്രാഞ്ച് പോസ്റ്റാഫീസ് ആക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ